**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4633** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ പദ്ധതി വിഹിതം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് ഭവന നിർമ്മാണത്തിനായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഹിതം ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടിക വർഗ വിഭാഗങ്ങൾക്കായി ആദിവാസി പുനരധിവാസ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മാത്രമാണ് പട്ടികജാതി പട്ടിക വർഗ വികസന വകുപ്പുകൾ മുഖേന നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നത്. ഭവന രഹിതരായ പട്ടികജാതി പട്ടിക വർഗ വിഭാഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി ലൈഫ് മിഷന് തുക കൈമാറുകയാണ് നിലവിൽ വകുപ്പ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ